ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.11.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. തദ്ദേശ തിരഞ്ഞെടുപ്പ് ചൂടിലേക്ക് കേരളം; വോട്ടെടുപ്പ് രണ്ടു ഘട്ടങ്ങളിലായി ഡിസംബർ 9 നും 11 നും; വോട്ടെണ്ണൽ ഡിസംബർ 13 ന്.

   **Kerala heats up for the local body elections; polling to be held in two phases on December 9 and 11; counting on December 13.**

2. ഇന്ത്യയും അംഗോളയും തമ്മിലുള്ളത് ജനാധിപത്യത്തിൽ അധിഷ്ഠിതമായ ബന്ധമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു; അംഗോള ദേശീയ അസംബ്ലിയെ രാഷ്ട്രപതി അഭിസംബോധന ചെയ്തു.

   **The relationship between India and Angola is based on democracy, says President Droupadi Murmu; The President addressed the National Assembly of Angola.**

3. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ ഭൂട്ടാൻ സന്ദർശനം നാളെ ആരംഭിക്കും; ലോക സമാധാന പ്രാർത്ഥനാ മഹോത്സവത്തിൽ പ്രധാനമന്ത്രി പങ്കെടുക്കും.

   **Prime Minister Narendra Modi's two-day visit to Bhutan will begin tomorrow; the Prime Minister will attend the World Peace Prayer Festival.**

4. ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ അവസാന ഘട്ട വോട്ടെടുപ്പ് നാളെ; ഫലപ്രഖ്യാപനം 14 ന്.

   **The final phase of voting in the Bihar Assembly election will be held tomorrow; the results will be announced on the 14th.**

5. പാർലമെൻ്റിൻ്റെ ശീതകാല സമ്മേളനം അടുത്ത മാസം ഒന്നു മുതൽ 19 വരെ നടക്കുമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള.

**Lok Sabha Speaker Om Birla says, The winter session of Parliament will be held from the 1st to the 19th of next month.**

6. ഏഷ്യൻ അമ്പെയ്ത്ത് ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ പുരുഷ വനിതാ ടീമുകൾ ഫൈനലിൽ, FIH വനിതാ ജൂനിയർ ഹോക്കി ലോകകപ്പിൽ ഇന്ത്യൻ ടീമിനെ ജ്യോതി സിംഗ് നയിക്കും.

**Indian men's and women's teams enter the finals of the Asian Archery Championship; Jyoti Singh to lead the Indian team in the FIH Women's Junior Hockey World Cup.**

☸☸☸☸☸☸☸☸☸☸☸☸☸

## LSGD – ELECTION (INTRO)

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിൻറെ തീയതി പ്രഖ്യാപിച്ചു. രണ്ടു ഘട്ടങ്ങളിലായാണ് തിരഞ്ഞെടുപ്പ്. ആദ്യ ഘട്ട പോളിംഗ് ഡിസംബർ 9 നും രണ്ടാം ഘട്ട പോളിംഗ് ഡിസംബർ 11 നും നടക്കും . ഡിസംബർ 13 നാണ് വോട്ടെണ്ണൽ. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാനാണ് തിരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ചത്. നവംബർ 14ന് തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കും.

ഒരു റിപ്പോർട്ട്......

(വോയിസ്)

## LSGD – ELECTION (VOICE)

തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴ് ജില്ലകളിൽ ഡിസംബർ ഒമ്പതിനും തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള ബാക്കി ജില്ലകളിൽ ഡിസംബർ 11 നുമാണ് തദ്ദേശ തിരഞ്ഞെടുപ്പ് നടക്കുക. രാവിലെ 7 മുതൽ വൈകുന്നേരം ആറ് മണിവരെയാണ്

പോളിംഗ്. മട്ടന്നൂർ നഗരസഭ ഒഴികെയുള്ള 1,199 തദ്ദേശഭരണ സ്ഥാപനങ്ങളിൽ തിരഞ്ഞെടുപ്പ് നടക്കും. 23,576 വാർഡുകളിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിനായി 33,746 പോളിംഗ് ബൂത്തുകളാണ് സജ്ജീകരിക്കുക. 2.84 കോടി വോട്ടർമാരാണ് സംസ്ഥാനത്തുള്ളത്. 2,841 പ്രവാസി വോട്ടർമാരും ഉണ്ട്. അന്തിമ വോട്ടർ പട്ടിക ഈ മാസം 14 ന് പുറത്തിറക്കും. ഒരു ലക്ഷത്തി 80,000 ഉദ്യോഗസ്ഥരെ തിരഞ്ഞെടുപ്പിനായി നിയോഗിച്ചിട്ടുണ്ട്. സുരക്ഷക്കായി 70,000 പൊലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കും. പ്രശ്നബാധിത ബൂത്തുകളിൽ അധിക സുരക്ഷ ഉറപ്പാക്കും. ഹരിതചട്ടം പാലിച്ചുകൊണ്ടായിരിക്കും തിരഞ്ഞെടുപ്പ്. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 21 നാണ്. പത്രികകളുടെ സൂക്ഷ്മപരിശോധന നവംബർ 22 ന് നടക്കും. ഈ മാസം 24 ആണ് പത്രിക പിൻവലിക്കാനുള്ള അവസാനതീയതി. ഡിസംബർ 18 ന് തിരഞ്ഞെടുപ്പു നടപടികൾ പൂർത്തിയാക്കണം.

ന്യൂസ് ഡെസ്ക് ആകാശവാണി.....

## CODE OF CONDUCT

തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതോടെ സംസ്ഥാനത്ത് മാതൃകാ പെരുമാറ്റചട്ടം നിലവിൽ വന്നു. വോട്ടെണ്ണൽ ദിനമായ ഡിസംബർ 13 വരെ പ്രബല്യത്തിൽ ഉള്ള പെരുമാറ്റ ചട്ടം മാധ്യമങ്ങളും, ജനപ്രതിനിധികളും, രാഷ്ട്രീയ പാർട്ടികളും ഉൾപ്പെടെ എല്ലാജനങ്ങളും കൃത്യമായി പാലിക്കണമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ ആഹ്വനം ചെയ്യു.

## PRESIDENT – ANGOLA (INTRO)

ഇന്ത്യയും അംഗോളയും തമ്മിലുള്ളത് ജനാധിപത്യത്തിൽ അധിഷ്ഠിതമായ ബന്ധമെന്ന് രാഷ്ട്രപതി ദ്രൗപതി

മുർമു. അംഗോള ദേശീയ അസംബ്ലിയിൽ പാർലമെൻററ് അംഗങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

(രാഷ്ട്രപതി- വോയിസ്)

അംഗോളയുടെ സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലിയും ഇന്ത്യയും അംഗോളയും തമ്മിലുള്ള നയതന്ത്ര ബന്ധത്തിന്റെ 40-ാാം വാർഷികവും ഇരു രാജ്യങ്ങൾക്കും പരസ്പര പ്രചോദനമേകുന്നതാണെന്ന് രാഷ്ട്രപതി ചൂണ്ടിക്കാട്ടി. അംഗോളയിലെ ഇന്ത്യൻ സമൂഹത്തെയും രാഷ്ട്രപതി അഭിസംബോധന ചെയ്യും. പര്യടനത്തിന്റെ രണ്ടാം പാദത്തിൽ നാളെ, മുതൽ ഈ മാസം 13 വരെ ശ്രീമതി മുർമു ബോട്സ്വാന സന്ദർശിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## PM-BHUTAN VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ ഭൂട്ടാൻ സന്ദർശനം നാളെ ആരംഭിക്കും. ഭൂട്ടാൻ രാജാവുമായി ചേർന്ന് ആയിരത്തി ഇരുപത് മെഗാവാട്ട് ജലവൈദ്യുത പദ്ധതിയുടെ ഉദ്ഘാടനം പ്രധാനമന്ത്രി നിർവഹിക്കും. ഇരു രാജ്യങ്ങളും സംയുക്തമായി വികസിപ്പിച്ച പദ്ധതിയാണിത്. ഭൂട്ടാൻ പ്രധാനമന്ത്രിയുമായി ശ്രീ മോദി കൂടിക്കാഴ്ച നടത്തും. ലോക സമാധാന പ്രാർത്ഥനാ മഹോത്സവത്തിലും പ്രധാനമന്ത്രി പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## BIHAR - ELECTION

ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാമത്തെയും അവസാനത്തെയും ഘട്ടത്തിലേക്കുള്ള വോട്ടെടുപ്പ് നാളെ. 20 ജില്ലകളിലെ 122 നിയമസഭാ മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ്. രണ്ടാം

ഘട്ടത്തിൽ 302 സ്ഥാനാർത്ഥികളാണ് മത്സര രംഗത്തുള്ളത്. ആദ്യഘട്ടത്തിൽ 65.08 ശതമാനം പോളിംഗാണ് രേഖപ്പെടുത്തിയത്. വോട്ടെണ്ണൽ ഈ മാസം 14 ന് നടക്കും.

## BYELECTION

ഏഴ് സംസ്ഥാനങ്ങളിലായി എട്ട് നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പും നാളെ നടക്കും. ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനൊപ്പം നവംബർ 14 ന് വോട്ടെണ്ണലും നടക്കും.

## OM BIRLA - PRESS CONF

പാർലമെൻ്റിൻ്റെ ശീതകാല സമ്മേളനം അടുത്ത മാസം 1 മുതൽ 19 വരെ നടക്കും. നിയമനിർമാണ പ്രവർത്തനങ്ങൾ, സർക്കാർ നയങ്ങൾ, പൊതു വിഷയങ്ങൾ എന്നിവയെക്കുറിച്ചുള്ള ചർച്ചകളിൽ സമ്മേളനം ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള ഇന്ന് അറിയിച്ചു. കൊഹിമയിൽ 22-ാമത് കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷൻ സമ്മേളനത്തിന്റെ ഉദ്ഘാടന പരിപാടിക്ക് ശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

## RAJNATH-DPSU BHAVAN

2024-25 വർഷത്തിൽ ഇന്ത്യ ഏകദേശം 1.51 ലക്ഷം കോടി രൂപയുടെ പ്രതിരോധ ഉൽപ്പാദനം നേടിയതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. മൊത്തം ഉൽപ്പാദനത്തിന്റെ 71.6 ശതമാനവും പ്രതിരോധ പൊതുമേഖലാ സ്ഥാപനങ്ങളാണ് സംഭാവന ചെയ്തതെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിലെ വേൾഡ് ട്രേഡ് സെന്ററിൽ അത്യാധുനിക ഡിഫൻസ് പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സ്

ഭവന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. 16 പ്രതിരോധ പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക അവലോകന യോഗത്തിലും രാജ്യരക്ഷാമന്ത്രി അധ്യക്ഷത വഹിച്ചു.

## COMMONWEALTH PARLIAMENTARY (INTRO)

രാജ്യത്തിന്റെ വടക്കു-കിഴക്കൻ മേഖല, ശക്തമായ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപിടിക്കുന്നതായി ലോക്സഭാ സ്പീക്കർ ഓം ബിർള. നാഗാലാൻഡ് നിയമസഭയിൽ കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷന്റെ 22-ാമത് വാർഷിക സമ്മേളനം സ്പീക്കർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ്)

ഐക്യത്തിനും പ്രാദേശിക ആവശ്യങ്ങൾക്കും അനുയോജ്യമായ നയങ്ങൾ രൂപപ്പെടുത്തുന്നതിൽ വടക്കുകിഴക്കൻ നിയമസഭകളുടെ പങ്കിനെ സ്പീക്കർ പ്രശംസിച്ചു. സമഗ്രവും സുസ്ഥിരവുമായ വികസനം കൈവരിക്കുന്നതിന് കൂട്ടായ പങ്കാളിത്തം പ്രധാനമാണെന്ന് ലോക്സഭാ സ്പീക്കർ പറഞ്ഞു.

## V.SIVAKUTTY

കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാനുമായി മന്ത്രി വി.ശിവൻകുട്ടി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിൽ ഒന്നായ സമഗ്ര ശിക്ഷാ കേരളയുടെ കേന്ദ്ര വിഹിതമായി ലഭിക്കാനുള്ള 1,066.36 കോടി രൂപ ഒറ്റത്തവണയായി എത്രയും വേഗം അനുവദിക്കണമെന്ന് കേന്ദ്രമന്ത്രിയോട്

ആവശ്യപ്പെട്ടതായി ശ്രീ.ശിവൻകുട്ടി വാർത്താസമ്മേളനത്തിൽ അറിയിച്ചു.

## DEVASOM BOARD

തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻ്റായി മുൻ ചീഫ് സെക്രട്ടറി കെ ജയകുമാറിനെ നിയമിച്ചു . മുൻ മന്ത്രിയും എം എൽ എയുമായ കെ രാജുവിനെ ബോർഡ് അംഗമായും നിയമിച്ച് സർക്കാർ ഉത്തരവിറക്കി. 2025 നവംബർ 14 മുതൽ രണ്ട് വർഷത്തെക്കാണ് ഇവരുടെ കാലാവധി.

## ARCHERY CHAMPIONSHIP

ഏഷ്യൻ അമ്പെയ്ത്ത് ചാമ്പ്യൻഷിപ്പിൽ റീകർവ് , കോമ്പൗണ്ട് ഇനങ്ങളിൽ യഥാക്രമം ഇന്ത്യൻ പുരുഷ- വനിതാ ടീമുകൾ ഫൈനലിൽ പ്രവേശിച്ചു. റീകർവ് പുരുഷ ടീം

സെമി ഫൈനലിൽ കസാക്കിസ്ഥാനെ 3 ന് എതിരെ 5 പോയിന്റുകൾക്കാണ് തോല്പിച്ചത്. ഈ മാസം 14 ന് നടക്കുന്ന പുരുഷ ഫൈനലിൽ ദക്ഷിണ കൊറിയയാണ് ഇന്ത്യയുടെ എതിരാളി. സെമിഫൈനലിൽ ബംഗ്ലാദേശിനെയാണ് ഇന്ത്യൻ വനിതാ ടീം തോല്പിച്ചത്.

## FIH-HOCKEY

നവംബർ 25 മുതൽ ഡിസംബർ 13 വരെ ചിലിയിലെ സാന്റിയാഗോയിൽ നടക്കാനിരിക്കുന്ന FIH വനിതാ ജൂനിയർ ഹോക്കി ലോകകപ്പിനുള്ള 20 അംഗ ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു. ജ്യോതി സിംഗ് ഇന്ത്യൻ സംഘത്തെ നയിക്കും. ജർമ്മനി,

അയർലൻഡ്, നമീബിയ എന്നിവയ്ക്കൊപ്പം പൂൾ സിയിലാണ് ഇന്ത്യ.

## IMD

കേരളത്തിലും മാഹിയിലും ഇന്ന് കനത്ത മഴയും ഇടിമിന്നലും ഉണ്ടാകുമെന്ന് ഇന്ത്യൻ കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ നാളെ തിരുവനന്തപുരം, എറണാകുളം, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.ഛത്തീസ്ഗഡ്, ജാർഖണ്ഡ്, മധ്യപ്രദേശ് എന്നിവിടങ്ങളിലെ ചില ഭാഗങ്ങളിൽ ഇന്ന് ശീതതരംഗത്തിന് സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

## PM – ANDE SRI CONDOLENCE

തെലങ്കാന കവിയും ഗാനരചയിതാവുമായ ആൻഡേ ശ്രീയുടെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദുഃഖം രേഖപ്പെടുത്തി. ജനങ്ങളുടെ പോരാട്ടങ്ങൾക്കും അഭിലാഷങ്ങൾക്കും ശബ്ദം നൽകിയ സമർത്ഥനായ കവിയും ചിന്തകനുമായിരുന്നു ആൻഡേ ശ്രീയെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

## BRIC FOUNDATION DAY

ആരോഗ്യ സംരക്ഷണം, കൃഷി, വ്യവസായം എന്നിവയിൽ ലബോറട്ടറി ഗവേഷണത്തിനപ്പുറം യഥാർത്ഥ പരിഹാരങ്ങൾ നല്കുന്നതിലേക്ക് ബയോടെക്നോളജി മേഖല മുന്നേറിയതായി കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്. ന്യൂഡൽഹിയിൽ രണ്ടാമത് ബയോടെക്നോളജി റിസർച്ച് ആൻഡ് ഇന്നൊവേഷൻ കൗൺസിൽ ഫൗണ്ടേഷൻ ദിനാഘോഷത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

## SENSEX + GOLD

ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 319 പോയിൻറ് ഉയർന്ന് 83,535 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 82 പോയിൻറ് നേട്ടത്തിൽ 25,574 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണവില കൂടി. ഗ്രാമിന് 55 രൂപ വർധിച്ച് 11,350 രൂപയും പവന് 440 രൂപ ഉയർന്ന് 90,800 രൂപയുമാണ് ഇന്നത്തെ വില. ഈ മാസത്തെ ഏറ്റവും ഉയർന്ന വിലയാണ് ഇത്.

## PAK-HUMAN RIGHTS VIOLATION

ഖൈബർ പഖ്തുൻ പ്രവിശ്യയിലെ ഗുരുതര സുരക്ഷാ, മനുഷ്യാവകാശ ലംഘനങ്ങളിൽ ആശങ്ക പ്രകടിപ്പിച്ച് പാകിസ്ഥാൻ മനുഷ്യാവകാശ കമ്മീഷൻ. ജനങ്ങൾ അരക്ഷിതാവസ്ഥ, നിർബന്ധിത കുടിയിറക്കൽ, നീതി നിഷേധം എന്നിവ നേരിടുന്നതായി കമ്മീഷന്റെ ഏറ്റവും പുതിയ റിപ്പോർട്ടിൽ പറയുന്നു.